പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3883 15.12.2014 ലെ മറുപടിക്ക്

## കെ.എ.പി. 3 ബറ്റാലിയനിലേയ്ക്കുള്ള നിയമനം

| ചോദ്യം<br>**ശ്രീ. ജി.എസ്.ജയലാൽ** | മറുപടി<br><br>**രമേശ് ചെന്നിത്തല**<br><br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| **എ)** കൊല്ലം (സിറ്റി & റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി 3 ബറ്റാലി-യനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കി 11.09.2014-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥി-കൾക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | **(എ)** 11.09.2014-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും 10.10.2014 വരെ 124 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഇതിൻമേൽ നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |
| **ബി)** ഏറ്റവും ഒടുവിൽ പി.എസ്.സി ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തശേഷം പിന്നീട് ഒഴിവുകൾ വന്നിട്ടുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ; | **(ബി)** നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. |
| **സി)** കൊല്ലം (സിറ്റി & റൂറൽ) ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുവാൻ കേവലം പത്ത് മാസം മാത്രം അവശേഷിക്കെ പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | **(സി)** ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ